പരസ്യം

ചോറ്റാനിക്കര ദേവസ്വം അസിസ്റ്റൻറ് കമ്മീഷ്ണറുടെ കാര്യാലയത്തിൽ നിന്നും പരസ്യപ്പെടുത്തുന്നത് എന്തെന്നാൽ,

ചോറ്റാനിക്കര ദേവസ്വത്തിലെ 1200 എം.ഇ. മണ്ഡല-മകരവിളക്ക് കാലയളവിൽ (2024 നവംബർ 16 മുതൽ 2025 ജനുവരി 14 കൂടി) ഭക്തജനങ്ങളുടെ തിരക്ക് ഉണ്ടാവാൻ സാധ്യതയുള്ളതിനാൽ ക്ഷേത്രത്തിൻെറ സുരക്ഷയ്ക്കും സുഗമമായ ദർശനത്തിനും സൗകര്യങ്ങൾ ഒരുക്കുന്നതിന് ഏകദേശം 30ഓളം സെക്യൂരിറ്റി ജീവനക്കാരുടെ സേവനം ഉണ്ടാവുന്നതിന് വേണ്ട ക്രമീകരണങ്ങൾ ചെയ്യുന്നതിന് ഈ ഓഫീസിൽ നിന്നും തീരുമാനിച്ചിരിക്കുന്നു. ആയത് സർക്കാർ നിർദ്ദേശിക്കുന്ന മാനദണ്ഡങ്ങൾ അനുസരിച്ചും സെക്യൂരിറ്റി ജോലി ചെയ്യുവാൻ ആരോഗ്യമുള്ളവരും 35 വയസ്സിനും 60 വയസ്സിനും മധ്യേ പ്രായമുള്ളവരും കായികക്ഷമതയുള്ളവരും ക്ഷേത്രാചാരാനുഷ്ഠാനങ്ങൾ പാലിച്ചുകൊണ്ടും ജോലി ചെയ്യുവാൻ തയ്യാറുള്ള ജീവനക്കാരെ എത്തിക്കുന്നതിന് തയ്യാറുള്ള സ്വകാര്യ സെക്യൂരിറ്റി ഏജൻസികളിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. സെക്യൂരിറ്റി ജീവനക്കാർ കൃത്യമായി സ്ഥലത്തും സമയത്തും ഹാജരാകേണ്ടതും യൂണിഫോം ധരിക്കേണ്ടതും ദേവസ്വം വിജിലൻസ് മുൻപാകെ ആധാർകാർഡ് ഹാജരാക്കേണ്ടതുമാണ്. അപേക്ഷകൾ 2024 നവംബർ മാസം 5-ാം തിയ്യതി 12 മണിയ്ക്ക് മുൻപായി ചോറ്റാനിക്കര ദേവസ്വം അസിസ്റ്റൻറ് കമ്മീഷ്ണർ ഓഫീസിൽ വെച്ചിരിക്കുന്ന ടെണ്ടർ ബോക്സിൽ നിക്ഷേപിക്കേണ്ടതാണ്. അന്നേദിവസം 12.30 PM ന്. ഹാജരുള്ള കരാറുകാരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതുമായിരിക്കും. അപേക്ഷയിൽ ആൾ 1ക്ക് ഒരുദിവസത്തെ വേതനം രേഖപ്പെടുത്തേണ്ടതും മേൽപ്രകാരമുള്ള മാനദണ്ഡങ്ങൾ തെളിയിക്കുന്ന രേഖകളും അടക്കം ചെയ്യേണ്ടതാണ്. ഇതിൽ ഏറ്റവും കുറഞ്ഞ വേതനം രേഖപ്പെടുത്തുന്ന ഏജൻസിക്ക് ദേവസ്വം നിബന്ധനകൾക്ക് വിധേയമായി ജോലി ഏൽപിച്ചുകൊടുക്കുന്നതാണ്. മേൽപറഞ്ഞ നിബന്ധനകൾ ഇല്ലാത്ത അപേക്ഷകൾ നിരസിക്കുന്നതായിരിക്കും. പരസ്യം സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ അറിയാൻ ആഗ്രഹിക്കുന്നവർ ദേവസ്വം അസിസ്റ്റൻറ് കമ്മീഷ്ണർ ഓഫീസിൽ പ്രവർത്തിസമയങ്ങളിൽ അന്വേഷിച്ചാൽ അറിയാവുന്നതാണ്.

അസിസ്റ്റൻറ് കമ്മീഷ്ണർ

ചോറ്റാനിക്കര ദേവസ്വം